**മുഖ്യനഗരാസൂത്രകന്റെ നടപടി**
**തിരുവനന്തപുരം**

വിഷയം:- നഗര-ഗ്രാമാസൂത്രണ വകുപ്പ് - മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം- തിരുവനന്തപുരം- സാങ്കേതിക വിഭാഗം - മലപ്പുറം ജില്ല - മുന്നിയൂർ ഗ്രാമപഞ്ചായത്ത് - മുന്നിയൂർ വില്ലേജ് - പെട്രോൾ പമ്പ് കെട്ടിട നിർമ്മാണം – ലേ - ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. മുന്നിയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 22/11/17 ലെ A3/10328/2016 നമ്പർ കത്ത്.
2. മലപ്പുറം ടൗൺ പ്ലാനറുടെ 07/12/17 തീയതിയിലെ A3/2204/2017 നമ്പർ കത്ത്.

---

**കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം**

**ഉത്തരവ് നമ്പർ.സി1/13685/2017/DDis** **തീയതി: 29/01/2018.**

മലപ്പുറം ജില്ലയിലെ മുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള മുന്നിയൂർ വില്ലേജിൽ റീ സർവ്വെ നമ്പർ 98/10 എന്നിവയിൽപ്പെട്ട 1490 $m^2$ സ്ഥലത്ത് 271.7$m^2$ വിസ്തീർണ്ണമുള്ള ഗ്രൂപ്പ് I ഗണത്തിൽപ്പെടുന്ന പെട്രോൾപമ്പ് കെട്ടിട നിർമ്മാണത്തിന് അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ.അബ്ദുൾ അസീസ്, അഹമ്മദ് ബഷീർ & ബുഷാര എന്നിവരുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ 2011 നും താഴെപ്പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1) താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും, നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ അനുമതി/എൻ.ഒ.സി., എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പു വരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമ്മാണാനുമതി/ഓക്കുപ്പൻസി നൽകുവാൻ പാടുള്ളു.
2) കെ.പി.ബി.ആർ 2011 ലെ ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വെ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, അപേക്ഷകന്റെ നിർമ്മാണാവകാശം, എന്നിവയും, നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.
3) നിർമ്മാണം കെ.പി.ബി.ആർ 2011 നും, അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4) ഖര-ദ്രവ മാലിന്യ സംസ്ക്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.
5) കട്ടിംഗ്/ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ.ഒ.സി. വാങ്ങിയിരിക്കണം.
6) നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന/നിർമ്മാണ പ്രവർത്തനങ്ങൾ 2008 - ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967 - ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്ന പക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം.
7) കെ.എം.ബി.ആർ 2011 ചട്ടം 61(6) പ്രകാരം ഫയർ ഫോഴ്സ് അധികൃതരിൽ നിന്നും അനുമതി വാങ്ങേണ്ടതാണ്.
8) വിഭാവിത നിർമ്മാണതിതിന് ചട്ടം 61(5) പ്രകാരം പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നും പഞ്ചായത്തീ രാജ് ആക്ട് പ്രകാരമുള്ള ബന്ധപ്പെട്ട മറ്റ് വകുപ്പുകളിൽ നിന്നും എൻ.ഒ.സി വാങ്ങേണ്ട താണ്.
9) ചട്ടം 61(11) പ്രകാരം റീട്ടെയിൽ ഡിസ്പെൻസിംഗ് യൂണിറ്റിൽ നിന്നും 7.50 മീറ്റർ തുറസ്സായ സ്ഥലം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
10) ചട്ടം 61(12) പ്രകാരം കനോപ്പി റോഡ് അതിർത്തിയിൽ നിന്നും 3.00 മീറ്റർ അകലം പാലിക്കേണ്ടതാണ്.
11) ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകുന്നതിന് മുൻപ് ചട്ടം 61(8) പ്രകാരം ആവശ്യമായ സാനിറ്റേഷൻ സൗകര്യങ്ങൾ നൽകിയിട്ടുണ്ടെന്ന് പഞ്ചായത്ത് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
12) ജില്ലാ കളക്ടറുടെ അനുമതി നേടിയിരിക്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണം ആരംഭിക്കുന്നതിനുള്ള അനുമതിയല്ല. ചട്ടപ്രകാരം ആവശ്യമായ നിർമ്മാണ/വികസന അനുമതി അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

**<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 14/2018</u>**

**മുഖ്യനഗരാസൂത്രകന്റെ ഉത്തരവിൻ പ്രകാരം**

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

**പി.ആർ.ജയശ്രീ.**
**ടൗൺ പ്ലാനർ**

സെക്രട്ടറി, മുന്നിയൂർ ഗ്രാമപഞ്ചായത്ത്, മലപ്പുറം.

പകർപ്പ്:- 1. ശ്രീ.അബ്ദുൾ അസീസ്, അഹമ്മദ് ബഷീർ, ബുഷാര, Kannatheri House, Velimukku P O, Malappuram – 676 317.
2. ടൗൺപ്ലാനർ, മലപ്പുറം. 3. ~~വെബ്സൈറ്റ്~~ 4. കരുതൽ ഫയൽ 5. അധികം

BM.30.01.18.